**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1870/2014, സി.പി. 211/2016 എന്നിവയിന്മേലുള്ള വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം:549/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 27.02.2017

പരാമർശം :
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സി6(വിസി 4/8/പിറ്റിഎ) 04331/2008 നമ്പർ കത്ത്
2. 30/12/2010-ലെ എ 48978/ഇപിബി2/2010/തസ്വഭവ നമ്പർ കുറ്റപത്രം
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നമ്പർ 1870/2014-ന്മേലുള്ള 24/02/2015 ലെ വിധിന്യായം
4. 15/07/2015 ലെ 48978/ഇപിബി2/2010/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. ഷാജഹാന്റെ 01/10/2015-ലെ കത്ത്
6. 30/05/2016, 24/11/16 തീയതികളിലെ 48978/ഇപിബി2/2010/തസ്വഭവ നമ്പർ സർക്കാർ കത്തുകൾ
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സി.പി. നമ്പർ 211/2016-ന്മേലുള്ള 10/02/2017-ലെ വിധിന്യായം
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 22/02/2017 ലെ എ 1(2) 9929/16/ജിഡബ്ല്യു നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.ഷാജഹാൻ പന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ശബരിമല സീസണിൽ ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതെ ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയ വകയിൽ പഞ്ചായത്തിന് 1,48,462/- രൂപയുടെ നഷ്ടം വരുത്തി എന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും കുറ്റാരോപിതനായ ശ്രീ. ഷാജഹാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും പഞ്ചായത്തിനുണ്ടായ നഷ്ടം ടിയാനിൽനിന്ന് ഈടാക്കാനും നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ഈ നിർദ്ദേശത്തിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ഈ തീരുമാനം ഹൈക്കോടതി റദ്ദാക്കുകയും ആദ്യം അച്ചടക്ക നടപടികൾ തീർപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് ടിയാന് പരാമർശം (2) പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാൻ ആയതിനു നൽകിയ എതിർവാദ പത്രികയിൽ ആവശ്യപ്പെട്ട പ്രകാരം ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി. എന്നാൽ ആയത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതിനിടെ ടിയാൻ 30/11/2013-ൽ സേവനത്തിൽനിന്ന്

വിരമിച്ചു. വിരമിച്ചതിനുശേഷം, തന്റെ അന്ത്യോപദാനം ലഭിക്കുന്നതിനായി ശ്രീ. ഷാജഹാൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ടിയാന്റെ ബാധ്യത തീരുമാനിച്ചിട്ടുണ്ടെങ്കിൽ ടി തുക കുറച്ചതിനുശേഷവും ബാധ്യത തീരുമാനിച്ചിട്ടില്ലെങ്കിൽ കെ.എസ്.ആർ. ഭാഗം III ചട്ടം 116 ന്റെ റൂളിംഗ് 5 പ്രകാരവും ടിയാന്റെ അന്ത്യോപദാനം നല്കുവാൻ നിർദ്ദേശിച്ച് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചു. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാന്റെ അന്ത്യോപദാനം നല്കുന്നതിനുള്ള നിരാക്ഷേപ പത്രം നല്കുകയും 27/05/2015 ൽ ടിയാൻ ഹരിപ്പാട് സബ്ട്രഷറിയിൽനിന്നും തന്റെ അന്ത്യോപദാനം കൈപ്പറ്റുകയും ചെയ്തു.

ശ്രീ ഷാജഹാൻ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ ടിയാനെതിരെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങൾ 1960 പ്രകാരം നടപടി തുടരുവാനാകാതെ വന്നതിനാൽ കെ.എസ്.ആർ. ഭാഗം III ചട്ടം 3 (a) പ്രകാരം ടിയാനെതിരെ നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം സ്ഥിരമായി കുറവുചെയ്യുന്നതിനായി ഒരു താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നല്കി. ഇതിന് ശ്രീ. ഷാജഹാൻ പരാമർശം (5) പ്രകാരം നല്കിയ മറുപടിയിൽ തനിയ്ക്ക് നൽകിയിരുന്ന കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകിയപ്പോൾ എല്ലാ ആരോപണങ്ങളും നിഷേധിച്ചിട്ടുള്ളതാണെന്ന് അറിയിക്കുകയും ഔപചാരിക അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ഔപചാരിക അന്വേഷണം നടത്താൻ കഴിയാതെ വരുകയും ഈ വിവരം 30.05.2016-ലെ പരാമർശം (6) കത്ത് പ്രകാരം ടിയാനെ അറിയിക്കുകയും ചെയ്തിരുന്നു. ടി കത്തു ലഭിച്ച് 15 ദിവസത്തിനകം കാരണം കാണിക്കൽ നോട്ടീസിന് മറുപടി നല്കണമെന്നും അല്ലാത്ത പക്ഷം തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്നും ടിയാനെ അറിയിച്ചിരുന്നു. ഇതിന് മറുപടിയൊന്നും ടിയാൻ ലഭ്യമാക്കിയിട്ടില്ല.

ശ്രീ. ഷാജഹാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാൻ കൈക്കൊണ്ട താല്ക്കാലിക തീരുമാനത്തിന്മേൽ ഉപദേശം നൽകുന്നതിനായി പരാമർശം (6) ലെ 24/11/2016 തീയതി കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുകയും സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തി പരാമർശം (8) പ്രകാരം കമ്മീഷൻ ഉപദേശം നല്കുകയും ചെയ്തു. കൂടാതെ ടിയാനിൽനിന്ന് ബാധ്യത തുക ഈടാക്കുന്നതിന് നിയമാനുസൃതം നടപടി സ്വീകരിക്കാനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉപദേശം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ശ്രീ. ഷാജഹാൻ തന്റെ കൃത്യ നിർവ്വഹണത്തിൽ അതീവ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സർക്കാരിന് ബോധ്യം വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാൻ സർക്കാരിന് വരുത്തിയ നഷ്ടം ടിയാന്റെ സ്വകാര്യ ആസ്തികളിൽനിന്ന് ഈടാക്കാൻ നിയമപ്രകാരമുള്ള നടപടികൾ തുടരുന്നതാണ് എന്ന വ്യവസ്ഥയിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാനുള്ള താല്ക്കാലിക തീരുമാനം

സ്ഥിരപ്പെടുത്തി ടിയാന്റെമേൽ തുടർന്നുവന്ന അച്ചടക്ക നടപടികൾ തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3), (7) എന്നിവ പ്രകാരമുള്ള ഉത്തരവുകൾ ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ഷാജഹാൻ, മുൻ സെക്രട്ടറി (റിട്ട.), പന്തളം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. അഡ്വക്കേറ്റ് ജനറൽ ( ആവണക്കത്ത് സഹിതം)
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
8. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ